# Week- 4

# Weekly Devotion - July 2017

## A squad of four (നാൽവർ സംഘം)




ഹുങ്കാരശബ്ദത്തോടെ ട്രെയിൻ പാലയ്ക്കാട്ട്സ്റ്റേഷനിൽ നിന്നു.യാത്രക്കാർക്കുള്ള ഭക്ഷണപാത്രങ്ങളുമായിജോലിക്കാർവേഗത്തിലകത്തേയ്ക്ക്കയറുന്നു. യാത്രക്കാർകയറുകയും ഇറങ്ങുകയുംചെയ്യുന്ന ബഹളംഇതിനിടയിൽ അമ്മ ബാബുവിനും ഭക്ഷണപൊതി നൽകി. ചപ്പാത്തിമുറിച്ച്വായിലേക്ക് വയ്ക്കുമ്പോൾ തന്നെ വിശപ്പിന്റെവിളിയുടെശബ്ദംകേട്ടു. പുറത്തേക്ക് നോക്കിയ ബാബുകണ്ടത് ഒരുകൊച്ചുബാലൻ കൈ നീട്ടി നിൽക്കുന്നുകൂടെ രണ്ട് പട്ടികളും. ഒരുചപ്പാത്തിഎടുത്തിട്ട് ബാക്കിദേഷ്യത്തോടെയാണെങ്കിലും അവന്  നൽകി. പൊതിവാങ്ങിയ ബാലൻ ആദ്യംചെയ്തത് രണ്ട് പട്ടികൾകും പങ്കുനൽകുകയാരുന്നു. നന്ദിയോടെഅവന്റെമുഖത്തേക്ക് അവനോക്കി പിന്നെ അവർഅത് ഭക്ഷിച്ചു. ഈ പങ്കുവയ്ക്കലിന്റെസന്തോഷം നേരിൽകണ്ടു ബാബു ഈ പുതിയ അനുഭവംതന്റെജീവിതത്തിലും പ്രാവർത്തികമാക്കുമെന്ന്തീരുമാനിച്ചു.

2 രാജ (7:3-10) വരെയുള്ള വാക്യങ്ങളിൽ പങ്കുവയ്ക്കലിന്റെ അവസരം ലഭിച്ചത് ഉപയോഗിച്ച നാല്വ്യക്തികളെകാണാം. ഈ നാൽവർസംഘംകുഷ്ടരോഗികളായതിനാൽ പുറത്താക്കപ്പെട്ടവരാണ്. എന്നാലുംഇവർ പട്ടണവാതില്ക്കൽതന്നെ കഴിഞ്ഞത് പുറത്തേക്ക് എറിഞ്ഞുകളയുന്ന മലിനവസ്തുക്കൾക്കിടയിൽ നിന്നുംവിശപ്പടക്കുവാനുള്ള അപ്പക്കഷണങ്ങൾ ലഭിക്കുമെന്ന പ്രതീക്ഷയോടെആയിരിക്കാം.മത്തായി (15:27) ൽ കർത്താവേ നായ്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നുവീഴുന്ന നുറുക്കുകൾതിന്നുന്നുണ്ടല്ലോഎന്നു പറഞ്ഞ സ്ത്രീയുടെവാക്ക്ഓർക്കുക ജീവൻ നിലനിർത്തുവാൻ ആ നുറുക്ക്മതിയാകും എന്ന അവളുടെവിശ്വാസത്തെ കണ്ടില്ലഎന്ന് നടിക്കുവാൻ യേശുവിനും കഴിഞ്ഞില്ല. ആത്മീയജീവൻ നിലനിർത്തുവാനുള്ള നുറുക്ക്ലഭിക്കുന്നിടം കണ്ടെത്തുകയുംസ്വീകരിക്കുകയും ചെയ്യുവാൻ നിങ്ങൾതയ്യാറാണോ? ഇന്ന് പലരുംആത്മീയജീവനേക്കാൾവിലകല്പിക്കുന്നത് നാലുവിരൽ മാത്രം നീളമുള്ള ലൗകീകജീവനാണ്.

പട്ടണത്തിനകത്ത് നിന്ന് പുറത്തേക്ക് അവശിഷ്ടങ്ങൾ വരാതെആയപ്പോൾ ഈ നാൽവർസംഘം മനസ്സിലാക്കിഅകത്തും ക്ഷാമമായിഎന്ന്.നമ്മുടെ കൈവശംആത്മീയഭക്ഷണം ഉണ്ടെങ്കിലേ പങ്കുവയ്ക്കുവാൻ കഴിയുകയുള്ളുഎന്ന് മനസ്സിലാക്കിആത്മീയ സമ്പന്നർ ആകുക. പട്ടണത്തിനകത്തുള്ളവർ പട്ടിണിമരണംവന്നാലുംസ്വീകരിക്കുവാൻ തയാറാകുമ്പോൾ പുറത്തുള്ള നാൽവർസംഘം ജീവൻ നിലനിർത്തുവാൻ അപ്പം ലഭ്യമാക്കുന്നിടംഅന്വേ

ഷിച്ച് പുറപ്പെടുവാൻ തയാറാകുന്നു. അത് ശത്രുപാളയത്തിലെത്തിച്ച്മരണം സംഭവിക്കുവാനിടയാകുംഎന്ന്അവർ ഭയപ്പെട്ടില്ല. അന്ത്യകാലത്ത് ജീവിക്കുന്ന നമുക്ക് ആത്മീയജീവൻ നില നിർത്തുവാൻ ഈ നാൽവർ സംഘത്തിന്റെ ധൈര്യം ആവശ്യമാണ്. ജീവൻ നില നിർത്തുവാൻ ഇവർശത്രുപാളയത്തിലേക്ക് പോകുമ്പോൾ, അപ്പോ(12:6)ൽ ആത്മീയഭക്ഷണം വിളമ്പിയ പത്രോസിനെ നാലുപേരടങ്ങിയ നാലുകൂട്ടംചേവകരുടെ നടുവിൽകാണാം. ചങ്ങലയാൽ ബന്ധിതനായിമരണംകാത്ത്കിടക്കുമ്പോഴും ഭയമില്ലാതെഉറങ്ങിയവനാണ് പത്രോസ്, ആത്മീയഭക്ഷണം ആഗ്രഹിക്കുന്നവർക്കും, പങ്കുവയ്ക്കുന്നവർക്കും പ്രതികൂലമുണ്ടാകാം പക്ഷേ ഭയംവേണ്ട, രക്ഷിക്കുന്നവൻ കൂടെയുണ്ട്.

സന്ധ്യായാമം തൃപ്തിയുടെയാമമാണ് ദൈവമക്കൾക്ക്. കുഷ്ടരോഗികളായ നാൽവർസംഘം ആരാമ്യപാളയത്തിലേക്ക് പുറപ്പെട്ടത് സന്ധ്യായാമത്തിലായിരുന്നു (2 രാജ 7:5) അതേയാമത്തിൽതന്നെ മഹാസൈന്യത്തിന്റെ ആരവംകേൾപ്പിച്ച് ആരാമ്യപാളയത്തിലുള്ളവരെ ഭയപ്പെടുത്തി ഓടിച്ച ദൈവം എത്ര സ്നേഹവാൻ .. ഭക്ഷണം അന്വേഷിച്ചിറങ്ങിയവരെ മാനിച്ചു (2 രാജ 7:6,7), കുഷ്ടം പാപത്തിന്റെ പ്രതീകമാണ്. കുഷ്ടരോഗികളായി പുറത്താക്കപ്പെട്ടവരാണ്ഇവിടെദൈവമഹത്വം കണ്ടത്. ഭക്ഷണ സാധനങ്ങൾ മാത്രമല്ലവിലപിടിപ്പുള്ളവസ്തുക്കളുംവസ്ത്രങ്ങളുംഅവർക്ക്കിട്ടി. ആവശ്യത്തിന് ഭക്ഷിച്ചുകഴിഞ്ഞ്വേണ്ടതെല്ലാംഎടുത്തു, ചിലതെല്ലാംകുഴിച്ചിടുകയുംചെയ്തു. ചിലപ്പോൾ പാപികളാണ്എന്ന്വിധിക്കുന്നവർക്കായിരിക്കുംദൈവീകവിരുന്ന്ആസ്വദിപ്പാൻ ഭാഗ്യമുണ്ടാകുന്നത്.

തൃപ്തിപൂണ്ടനാൽവർസംഘംകുഷ്ടംമൂലംതങ്ങളെ പുറത്താക്കിയ പട്ടണക്കാരെഓർത്തു. അവർക്ക് ക്ഷാമം ആണല്ലോഎന്നോർത്തപ്പോൾ തങ്ങളുടെസുഭിക്ഷതയിലുംകുറ്റബോധം അവരിലുണ്ടാകുകയും ഈ സ്വദ്വാർത്ത അവരെയുംഅറിയിക്കണമെന്ന്തീരുമാനിക്കുകയുംചെയ്തു. മാർക്കോ (2:1-12) വരെയുള്ളവാക്യങ്ങളിൽകാണുന്ന നാൽവർസംഘവുംസദ്വാർത്ത അറിഞ്ഞവർആയിരുന്നു. കഫന്ന ഹൂമിൽഒരുവീട്ടിൽയേശു ഉണ്ടെന്ന ശ്രുതികേട്ട ഇവർക്ക്ആഗ്രാമത്തിൽയേശുവിനെ ആവശ്യമുള്ളവരെഅറിയാമായിരുന്നു. ബലഹീനനായ പക്ഷവാതക്കാരനെ ഈ നാൽവർസംഘംചുമന്ന്കൊണ്ടുപോയപ്പോഴും പരിഹാസംകേൾക്കേണ്ടതായിവന്നുകാണും.ഇതൊന്നുംവിഷയമാക്കാതെഒരുസദ്വാർത്തയുടെ അനന്തരഫലം പരിഹാസികളെഅറിയിപ്പാനായിഇവർഒത്തൊരുമിച്ച് പ്രവർത്തിച്ചു. മേല്ക്കൂര പൊളിച്ച്യേശുഇരുന്നിടത്ത് ഇറക്കിവച്ച പക്ഷവാതക്കാരൻ പാപംമോചിച്ചിരിക്കുന്നുകിടക്ക എടുത്തു നടക്ക എന്ന വാക്കനുസരിച്ചപ്പോൾസദ്വാർത്തയുടെ അനന്തഫലം പരിഹാസികൾ കണ്ടു. തങ്ങളാണ്അതിന് കാരണക്കാർആയതെന്ന് ഈ നാൽവർസംഘം അവകാശപ്പെട്ടുമില്ല. അതുപോലെതന്നെകുഷ്ടരോഗികളായ നാൽവർസംഘം ഭക്ഷണമാവശ്യമുള്ള പട്ടണവാസികളെഅറിഞ്ഞ്വിവരം ധരിപ്പിച്ചുഅവരുംഒന്നും അവകാശപ്പെട്ടില്ല, ഈ രണ്ടുകൂട്ടരുടേയും പേരുകൾ വചനത്തിൽരേഖപ്പെടുത്തിയിട്ടില്ലഎങ്കിലും നല്ല സാക്ഷികളെഓർക്കുന്ന യഹോവഇവരെയുംസ്മരണപ്പുസ്തകത്തിൽ (Seroll of rememberance) കുറിച്ചുവയ്ക്കും (മലാവി 3:16) നാം പാർക്കിന്നുടത്ത്യേശുവിനെ അറിയുവാൻ സുവിശേഷം അറിയുവാൻ ആഗ്രഹിക്കുന്നവരുണ്ടോ? നമുക്ക് കണ്ടെത്തുവാൻ തയാറാകാം.

## <u>പ്രാർത്ഥന</u>

എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല, ദാഹിക്കുകയുമില്ല എന്ന് അരുളിയ കർത്താവേ പാപികളെ അങ്ങ് സ്നേഹിക്കുകയും പശ്ചാത്താപം ഉള്ളവന്റെ പാപം ക്ഷമിക്കുന്നതിനായും നന്ദി. ആത്മീയവിശപ്പുള്ളവരെ കണ്ടെത്തി സുവാർത്ത അറിയിപ്പാനുള്ള ഭാഗ്യംഅവിടുന്ന് ഞങ്ങൾക്ക് തരേണമേ

ആമേൻ

# Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind